# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1230 30.01.2018 ൽ മറുപടിക്ക്**

**കുറ്റാലം കൊട്ടാരഭൂമി കയ്യേറ്റം തടയാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.മുരളീധരൻ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കുറ്റാലം കൊട്ടാരം ഉൾപ്പെട്ട സ്ഥലത്തിന്റെ വിസ്തൃതി എത്രയാണെന്നുള്ള കാര്യം വ്യക്തമാക്കുമോ; | (എ) 56.68 ഏക്കറാണ് കുറ്റാലം കൊട്ടാരം ഉൾപ്പെട്ട സ്ഥലത്തിന്റെ വിസ്തൃതി. |
| (ബി) കുറ്റാലം കൊട്ടാരവും സ്ഥലവും കയ്യേറിയിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കയ്യേറ്റക്കാരിൽ നിന്നും സ്ഥലവും കൊട്ടാരവും തിരിച്ചുപിടിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയത്തെ സംബന്ധിച്ച് ലഭ്യമായ രേഖകൾ വിശദമായ പരിശോധനയുടെയും അന്വേഷണത്തിന്റെയും വിവിധ ഘട്ടങ്ങളിലാണ്. |
| (സി) കയ്യേറ്റവുമായി ബന്ധപ്പെട്ട് മദ്രാസ് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ് തീർപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) കയ്യേറ്റവുമായി ബന്ധപ്പെട്ട് മദ്രാസ് ഹൈക്കോടതിയിൽ കേസ് നിലവിലില്ല. ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ടാണ് കേസ് നിലവിലുള്ളത്. പാലസ് സൂപ്രണ്ട് എന്ന തസ്തികയിൽ ഇരുന്ന സസ്പെന്റ് ചെയ്യപ്പെട്ട സൂപ്രണ്ട് കൊട്ടാരം തട്ടിയെടുക്കാൻ പ്രാദേശിക സാമൂഹ്യവിരുദ്ധരെ ഉപയോഗിച്ച് ശ്രമിച്ച വന്നിരുന്നു. കഴിഞ്ഞ സർക്കാർ ഇത് കണ്ടില്ലെന്ന് നടിച്ചു. ഇപ്പോൾ ശക്തമായ നിലപാട് ഇതിനെതിരെ എടുത്തുവരുന്നു. എന്നാൽ സസ്പെന്റ് ചെയ്ത നടപടിക്കെതിരെ നൽകിയ അപ്പീൽ ട്രൈബ്യൂണൽ തള്ളിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ